(സി) പ്രയോജനപ്പെടുത്താറുണ്ട്. സി.സി.ടി.വി. ദൃശ്യങ്ങൾ റെക്കോർഡ് ചെയ്ത് സൂക്ഷിക്കുവാൻ സാങ്കേതികമായി സാധിക്കുമെങ്കിലും കൂടുതൽ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യുന്ന മുറയ്ക്ക് പഴയ ദൃശ്യങ്ങൾ താനേ മാഞ്ഞു പോകുന്നതാണ്.

ബാർ കോഴക്കേസ്

189 (3009) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാർ കോഴക്കേസ്സിൽ ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് ഏത് തീയതിയിലായിരുന്നു ; പ്രസ്തുത ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ബാർ കോഴക്കേസ്സിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 10-12-2014-ൽ പ്രഥമ വിവരറിപ്പോർട്ട് രജിസ്റ്റർ ചെയ്തു. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്.

ടിപ്പർ ലോറി അപകടങ്ങൾ

190 (3010) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ടിപ്പർ ലോറികളുമായി ബന്ധപ്പെട്ടുള്ള എത്ര അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ലതിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) ടിപ്പർ ലോറി അപകടവുമായി ബന്ധപ്പെട്ട് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന വിവരം ജില്ലതിരിച്ച് വാർഷിക ക്രമത്തിൽ അറിയിക്കുമോ ;

(സി) ടിപ്പർ ലോറികളുടെ അമിത വേഗതമൂലം വർദ്ധിച്ചുവരുന്ന അത്യാഹിതങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 3,039 അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 607 പേർ മരണപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തിരക്കേറിയ സമയങ്ങളിൽ (പീക്ക് ടൈം) ടിപ്പർ ലോറികൾ രാവിലെ 9 മണി മുതൽ 10 മണിവരെയും വൈകിട്ട് 4 മണി മുതൽ 5 മണിവരെയും നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും പ്രവേശിക്കുന്നത് തടഞ്ഞിട്ടുണ്ട്. നിരീക്ഷണ ക്യാമറകളിലൂടെയും സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ, വേഗപ്പൂട്ട് മുതലായ ആധുനിക സംവിധാനങ്ങളുടെയും ട്രാഫിക് പോയിന്റ് ഡ്യൂട്ടിക്കാരുടെയും സഹായത്തോടെ ടിപ്പർ ലോറികളുടെ അമിത വേഗതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്. അമിത വേഗത്തിൽ ഓടിക്കുന്ന ടിപ്പർ ഡ്രൈവർമാരുടെ പേരിൽ എം.വി. ആക്ട് പ്രകാരം പിഴ ചുമത്തുകയും മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, അമിതവേഗതയ്ക്ക് കുറവു വരുത്തുന്നതിനായി ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും മറ്റും നടത്തി വരികയും ചെയ്യുന്നുണ്ട്.

ടോമിയുടെ ദുരൂഹ മരണത്തിന്റെ അന്വേഷണ പുരോഗതി

191 (3011) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മരങ്ങാട്ടുപള്ളി പഞ്ചായത്തിൽ മോനിപ്പള്ളി വില്ലേജിൽ ടോമിയുടെ ദുരൂഹമരണത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ ;

(ബി) ഇതുസംബന്ധിച്ച് 1277/വി. ഐ. പി./2014 നമ്പർ പരാതിയിൽ എ.ഡി.ജി.പി. സൗത്ത് സോണിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ തുടർ നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ; പ്രസ്തുത മരണം കൊലപാതകം ആണെന്ന നിഗമനത്തിൽ പോലീസ് എത്തിയിട്ടുണ്ടോ ; ഇതുസംബന്ധിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ടോമി എന്നയാളുടെ മരണം സംബന്ധിച്ച് ക്രൈം 545/14 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കുറവിലങ്ങാട് പോലീസ് അന്വേഷണം നടത്തിവരവെ ഊർജ്ജിത അന്വേഷണത്തിനായി ടി കേസ് കോട്ടയം ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറി അന്വേഷണം നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly